കോഴിക്കോട് ലോ കോളജിൽ ഈവനിംഗ് എൽ.എൽ.ബി.

20 (1094) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ മേഖലയിൽ, എൽ.എൽ.ബി. ഈവനിംഗ് കോഴ്സ് സർക്കാർ മേഖലയിലോ സ്വാശ്രയ മേഖലയിലോ നടന്നു വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് ലോ കോളേജിൽ എൽ.എൽ.ബി. കോഴ്സ് ഈവനിംഗ് ഇടങ്ങുന്നത് സംബന്ധിച്ച ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈവനിംഗ് എൽ.എൽ.ബി. കോഴ്സ് അനുവദിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലില്ല.

(ബി) ഉണ്ട്.

(സി) സർക്കാരിൽ നിന്നും എൻ.ഒ.സി. യൂണിവേഴ്സിറ്റിയിൽ നിന്നും അഫിലിയേഷൻ, ബാർ കൗൺസിൽ അംഗീകാരം എന്നിവ ലഭ്യമാക്കേണ്ടതുണ്ട്.

അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ

21 (1095) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ഗവ. കോളേജിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളത്; ഓരോ വിഭാഗത്തിലും എത്ര കുട്ടികൾ വീതം പഠനം നടത്തുന്നു; വിശദമാക്കുമോ;

(ബി) കോളേജ് അധികാരികൾ പുതിയ കോഴ്സുകൾക്കായി അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കോളേജിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ ആരംഭിച്ച സാഹചര്യത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബി.എ. എക്കണോമിക്സ്, ബി.എസ്സി. മാത്തമാറ്റിക്സ്, ബി.കോം എന്നീ കോഴ്സുകളാണ് അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ നിലവിലുള്ളത്. ഓരോ വിഷയത്തിലും 30 വീതമാണ് സാങ്ഷൻഡ് സ്ട്രെങ്ത്. ഈ വർഷം പ്രസ്തുത കോളേജിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ വിവരം ഇതോടൊപ്പം ചേർക്കുന്നു.

ഈ അദ്ധ്യയന വർഷത്തിൽ ബി.എ. എക്കണോമിക്സിന് ഒന്നാം വർഷം 32 വിദ്യാർത്ഥികളും, രണ്ടാം വർഷം 30 വിദ്യാർത്ഥികളും, മൂന്നാം വർഷം 31 വിദ്യാർത്ഥികളും പഠനം നടത്തുന്നു. ബി.എസ്സി. മാത്തമാറ്റിക്സിന് ഒന്നാം വർഷം 29 വിദ്യാർത്ഥികളും, രണ്ടാം വർഷം 26 വിദ്യാർത്ഥികളും, മൂന്നാം വർഷം 18 വിദ്യാർത്ഥികളും പഠനം നടത്തുന്നു. ബി.കോമിന് ഒന്നാം വർഷം 32 വിദ്യാർത്ഥികളും, രണ്ടാം വർഷം 29 വിദ്യാർത്ഥികളും, മൂന്നാം വർഷം 24 വിദ്യാർത്ഥികളും പഠനം നടത്തുന്നു.

(ബി&സി) കോളേജ് അധികാരികൾ പുതിയ കോഴ്സുകൾക്കായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ആയതിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാർ ആവശ്യപ്പെട്ടപ്രകാരം "നീഡ് അനാലിസിസ്" നടത്തുകയും റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, നിലവിലുള്ള ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

കോഴിക്കോട് സർവ്വകലാശാല വൈസ്-ചാൻസലർ നിയമനം

22 (1096) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല രജിസ്ട്രാർ ഡോ. മുഹമ്മദ് ബഷീറിനെ കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലറായി നിയമിക്കാൻ ചീഫ് സെക്രട്ടറി കൺവീനറായ സമിതി ശിപാർശ നല്കിയിരുന്നോ ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) വൈസ് ചാൻസലർ നിയമനത്തിനുള്ള യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത നിയമനത്തിന് മേൽ സൂചിപ്പിച്ച യോഗ്യതകൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ ?